# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 79** **30.06.2015 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**ശ്രീ. തോമസ് ചാണ്ടി** | | **പി.ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) മുല്ലപ്പെരിയാർ ഡാമിന്റെ മേൽ നോട്ട സമിതി എന്നാണ് അവസാനമായി യോഗം ചേർന്നതെന്ന് വ്യക്തമാക്കാമോ; മേൽ നോട്ട സമിതി യോഗം ചേരുന്നതിൽ കാലവിളംബം ഉണ്ടായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട O.S. No.3/2006 - ൽ ബഹു. കോടതി 07.05.2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് മുല്ലപ്പെരിയാർ ഡാമിന്റെ മേൽ നോട്ടസമിതി രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത മേൽ നോട്ടസമിതി അവസാനമായി യോഗം ചേർന്നത് 22.06.2015-ൽ ആയിരുന്നു. മേൽ നോട്ടസമിതി ചെയർമാൻ മുൻകൂട്ടി അറിയിക്കുന്ന തീയ്യതികളിലാണ് യോഗം ചേരുന്നത്. അടിയന്തരഘട്ടങ്ങളിൽ; മേൽ നോട്ടസമിതിയുടെ യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കാൻ കേരളത്തിന്റെ പ്രതിനിധി മേൽ നോട്ടസമിതി ചെയർമാനോട് അഭ്യർത്ഥിക്കാറുണ്ട്. ഈ കാലവർഷത്തിന് മുമ്പായി മീറ്റിംഗ് കൂട്ടുവാൻ കേരളം രണ്ടു പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) മുല്ലപ്പെരിയാറിനെ സംബന്ധിക്കുന്ന ഫയൽ സെക്രട്ടേറിയറ്റിലെ രഹസ്യ ഫയലുകൾ സൂക്ഷിക്കുന്ന സെക്ഷനിലാണോ സൂക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | ഗവൺ മെന്റ് സെക്രട്ടേറിയറ്റിലെ ജലവിഭവ (ഐ.എസ്.ഡബ്ല്യു.സി) വകുപ്പിലാണ് മുല്ലപ്പെരിയാർ വിഷയം കൈകാര്യം ചെയ്തുവരുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ സെക്ഷനിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങളുടെ |

(സി) മുല്ലപ്പെരിയാറിനെക്കുറിച്ചുള്ള ക്യാബിനറ്റ് തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ അതതു സമയങ്ങളിൽ, മുമ്പ് ചോർന്നത് പരിഗണിച്ച്, രഹസ്യമായി സൂക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ;

അടിസ്ഥാനത്തിൽ lock and Key സംവിധാനമുള്ള അലമാരകളിൽ ഭദ്രമായി സൂക്ഷിച്ചുവരുന്നു. ഫയലുകൾ ഭദ്രമായും രഹസ്യമായും സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ (പൊതുഭരണ വകുപ്പുമായി കൂടിയാലോചിച്ച്) തുടർന്നുവരുന്നു.

(ഡി) 144 അടി വെള്ളം ശേഖരിച്ചിട്ടും അണക്കെട്ടിന് കുഴപ്പങ്ങൾ ഒന്നും സംഭവിക്കുന്നില്ലെന്ന കാരണത്താൽ സംഭരണ ശേഷി 154 അടിയായി വർദ്ധിപ്പിയ്ക്കണമെന്ന ആവശ്യവുമായി സുപ്രീംകോടതിയെ സമീപിയ്ക്കാനുള്ള തമിഴ്നാടിന്റെ നീക്കം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കുന്നതെന്ന് വെളിപ്പെടുത്താമോ?

(ഡി) ഇപ്രകാരമുള്ള ആവശ്യം ഉന്നയിച്ച് സുപ്രീംകോടതിയെ സമീപിക്കാൻ തമിഴ്നാട് നീക്കം നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. 07.05.2014 -ലെ സുപ്രീംകോടതി ഉത്തരവ് പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയായി ഉയർത്താനാണ് ബഹു. സുപ്രീംകോടതി അനുവാദം നൽകിയിട്ടുള്ളത്. ഡാമിന്റെ പരിപാലനം നടത്തുന്നതിനും അറ്റകുറ്റപണികൾ ചെയ്യുന്നതിനും കേരളത്തിന്റെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഉണ്ടാകരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തമിഴ്നാട് 09.04.2015 - ൽ ബഹു. സുപ്രീംകോടതിയിൽ ഒരു ഇടക്കാല ഹർജി ഫയൽ ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. തമിഴ്നാടിന്റെ ഇടക്കാല ഹർജിയിന്മേൽ ആവശ്യമായ തുടർ നിയമനടപടികൾ ബന്ധപ്പെട്ട നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ചു സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ